ഭൂജലവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
കേരള സംസ്ഥാന ഭൂജലവകുപ്പ്, ഡയറക്ടറുടെ കാര്യാലയം
ജലവിജ്ഞാനഭവൻ, അമ്പലമുക്ക്, കവടിയാർ.പി.ഒ, തിരുവനന്തപുരം
(ഹാജർ: ശ്രീ. ജെ ജസ്റ്റിൻ മോഹൻ ഐ എഫ് എസ്)

വിഷയം:- ഭൂജലവകുപ്പ് - ജീവനക്കാര്യം- മാസ്റ്റർ ഡ്രില്ലർ - പൊതുസ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം. ഇ(6) -1243/19 ഡി.ജി.ഡബ്ല്യു തീയതി: 25/05/2019

---

പരാമർശം:- 1) ഉദ്യോഗസ്ഥഭരണപരിഷ്ക്കാര (എ.ആർ-14) വകുപ്പിന്റെ 25.02.2017 - ലെ സ.ഉ(പി)നമ്പർ 3/2017/ഉഭപവ.
2) ശ്രീ. ആരിഫ് റഷീദ്, മാസ്റ്റർ ഡ്രില്ലറുടെ 11.03.2019 - ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ.

ഉത്തരവ്

2019 വർഷത്തെ ഭൂജലവകുപ്പിലെ മാസ്റ്റർ ഡ്രില്ലർ തസ്തികയിലെ കരട് സ്ഥലം മാറ്റ ഉത്തരവ് ചുവടെ ചേർക്കുന്നു. ഈ ഉത്തരവ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം/ പരാതി ഉണ്ടെങ്കിൽ 31.05.2019 - നകം ഭൂജലവകുപ്പ് ഡയറക്ടർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

പരാമർശം (2) പ്രകാരം കോട്ടയം ജില്ലാ ആഫീസിലെ മാസ്റ്റർ ഡ്രില്ലറായ ശ്രീ. ആരിഫ് റഷീദ്, കൊല്ലം ജില്ലാ ആഫീസിലേയ്ക്ക് പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൻ ടി സ്ഥലം മാറ്റത്തിന് അർഹനായ ഉദ്യോഗസ്ഥനാണ്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലാ ആഫീസിലെ മാസ്റ്റർ ഡ്രില്ലർ തസ്തികയിലെ ഏറ്റവും സീനിയറായിട്ടുള്ള ശ്രീ. ബാലസുബ്രഹ്മണ്യൻ നമ്പൂതിരിയേയും, കോട്ടയം ജില്ലാ ആഫീസിലെ മാസ്റ്റർഡ്രില്ലറായ ശ്രീ. ആരിഫ് റഷീദിനേയും, പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരസ്പരം സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

കൊല്ലം/ കോട്ടയം ജില്ലാ ആഫീസർമാർ ടി ഉദ്യോഗസ്ഥരുടെ വിടുതൽ/ ജോയിനിങ് വിവരം യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ

പകർപ്പ്:- 1) ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കൊല്ലം.
2) ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, കോട്ടയം
3) I.T Cell (ഡയറക്ട്രേറ്റ്), (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

AJ(p). 24.05.19